**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3101** **11-03-2025 - ൽ മറുപടിയ്ക്ക്**

**പതിനാറുങ്ങൽ -വെന്നിയൂർ ബൈപ്പാസ് റോഡുനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട പതിനാറുങ്ങൽ-വെന്നിയൂർ ബൈപ്പാസ് റോഡുനിർമ്മാണത്തിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പൂക്കിപ്പറമ്പ് - പതിനാറുങ്ങൽ ബൈപാസ് എന്ന പ്രവൃത്തിക്ക് 100 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത അലൈൻമെന്റ് പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 11.05.2018 തീയ്യതിയിൽ പൂർത്തീകരിച്ചിരുന്നു. എന്നാൽ സ്ഥലവാസികളുടെ എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് വെന്നിയൂർ മുതൽ പതിനാറുങ്ങൽ വരെ മാറ്റി പുനർനിർണയിക്കുന്നതിനും, വെന്നിയൂർ - പതിനാറുങ്ങൽ ബൈപാസ് എന്നാക്കുന്നതിനും 26.08.2022 ൽ നടന്ന LAC യോഗത്തിൽ തീരുമാനിക്കുകയും അതിൻ പ്രകാരം ബഹു എം എൽ എ യുടെയും ജനപ്രതിനിധികളുടെയും കെ ആർ എഫ് ബി ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. പുതിയ അലൈൻമെന്റ് പ്രകാരം RIQCL മുഖാന്തരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയായതിനു ശേഷം DPR തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനോടൊപ്പം പ്രവൃത്തിക്ക് 'പതിനാറുങ്ങൽ -വെന്നിയൂർ ബൈപ്പാസ് എന്ന പേരിൽ പുതുക്കിയ ഭരണാനുമതിയും നൽകേണ്ടതുണ്ട്. ഇപ്രകാരം കിഫ്ബിയിൽ സമർപ്പിക്കുന്ന ഡി.പി.ആറിന് സാമ്പത്തികാനുമതി ലഭ്യമാക്കി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് കമ്മിറ്റി മുന്നോട്ടു വയ്ക്കുന്ന നിർദേശങ്ങൾ പാലിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്താണ് നിർമാണ പ്രവൃത്തികൾ ആരംഭിക്കാനാവുക. |
| (ബി) | സാങ്കേതികാനുമതിയും, ടെണ്ടർ നടപടികളും പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് | (ബി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പൂക്കിപ്പറമ്പ് - പതിനാറുങ്ങൽ ബൈപാസ് എന്ന പ്രവൃത്തിക്ക് 100 |

| | | | |
|---|---|---|---|
| | ഇനിയും എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത് എന്നറിയിക്കുമോ; വിശദമാക്കാമോ; | | കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത അലൈൻമെന്റ് പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 11.05.2018 തീയ്യതിയിൽ പൂർത്തീകരിച്ചിരുന്നു. എന്നാൽ സ്ഥലവാസികളുടെ എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് വെന്നിയൂർ മുതൽ പതിനാറുങ്ങൽ വരെ മാറ്റി പുനർനിർണയിക്കുന്നതിനും, വെന്നിയൂർ - പതിനാറുങ്ങൽ ബൈപാസ് എന്നാക്കുന്നതിനും 26.08.2022 ൽ നടന്ന LAC യോഗത്തിൽ തീരുമാനിക്കുകയും അതിൻ പ്രകാരം ബഹു എം എൽ എ യുടെയും ജനപ്രതിനിധികളുടെയും കെ ആർ എഫ് ബി ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. പുതിയ അലൈൻമെന്റ് പ്രകാരം RIQCL മുഖാന്തരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയായതിനു ശേഷം DPR തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനോടൊപ്പം പ്രവൃത്തിക്ക് 'പതിനാറുങ്ങൽ -വെന്നിയൂർ ബൈപ്പാസ്' എന്ന പേരിൽ പുതുക്കിയ ഭരണാനുമതിയും നൽകേണ്ടതുണ്ട്. ഇപ്രകാരം കിഫ്ബിയിൽ സമർപ്പിക്കുന്ന ഡി.പി.ആറിന് സാമ്പത്തികാനുമതി ലഭ്യമാക്കി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് കമ്മിറ്റി മുന്നോട്ടു വയ്ക്കുന്ന നിർദേശങ്ങൾ പാലിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്താണ് നിർമാണ പ്രവൃത്തികൾ ആരംഭിക്കാനാവുക. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | (സി) | പുതുക്കിയ അലൈൻമെന്റ് പ്രകാരം നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി അതിൻ പ്രകാരം ഡി.പി.ആർ തയ്യാറാക്കി 'പതിനാറുങ്ങൽ -വെന്നിയൂർ ബൈപ്പാസ്' എന്ന പേരിൽ പുതുക്കിയ ഭരണാനുമതി നൽകി, ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് കിഫ്ബിയുടെ പരിശോധനകൾക്ക് ശേഷമാണ് കിഫ്ബിയുടെ ബോർഡിൽ സാമ്പത്തികാനുമതി നൽകുന്നതിനായി പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ